**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2382 | 13.02.2013-ലെ മറുപടിയ്ക്ക്

## കോഴിക്കോട് ജില്ലയിലെ സഹകരണവകുപ്പിന്റെ സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം

**ചോദ്യം**

ശ്രീ. എ.പ്രദീപ് കുമാർ

**മറുപടി**

ശ്രീ.സി.എൻ.ബാലകൃഷ്ണൻ
(സഹകരണവും ഖാദിഗ്രാമ വ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ മന്ത്രി)

(എ) കോഴിക്കോട് ജില്ലയിലെ സഹകരണവകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(എ) കോഴിക്കോട് ജില്ലയിൽ സഹകരണ വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് പുതിയ ആഫീസ് കെട്ടിടം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ സഹകരണ സംഘങ്ങൾ സഹകരണ വകുപ്പിന്റെ ജില്ലാ താലൂക്ക് തല ആഫീസുകൾ നിർമ്മിച്ചു നൽകാൻ മുന്നോട്ട് വന്നിട്ടുണ്ട്. എന്നാൽ നിലവിലുള്ള കെട്ടിടത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് ഉള്ള സാഹചര്യത്തിൽ നിലവിലുള്ള കെട്ടിടം പൊളിക്കുന്നതിന് അനുമതി നൽകുന്ന കാര്യം പരിശോധിച്ചു വരികയാണ്.

(ബി) നിലവിലുള്ള കെട്ടിടം ഉപയോഗപ്രദമാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

(ബി) നിലവിലുള്ള കെട്ടിടം ബലപ്പെടുത്തുന്നതിന് ആവശ്യമായ അറ്റകുറ്റപ്പണികൾ സംബന്ധിച്ച പഠനം ചെന്നൈയിലെ Structural Engineering Research Centre എന്ന സ്ഥാപനം മുഖേന നടത്തുന്നതിനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരികയാണ്. പ്രസ്തുത പഠനം പൂർത്തിയാക്കി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് അനുയോജ്യമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

സെക്ഷൻ ഓഫീസർ